പ്രൊഹിബിഷൻ കേസുകൾ

*൭൦. (വ്യ൨) ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മദ്യനിരോധന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

എത്ര പ്രൊഹിബിഷൻ കേസുകൾ ബഹു. ഗവൺമെൻറിൽനിന്നും പിൻവലിച്ചിട്ടുണ്ടു്.

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

രണ്ടു പ്രതികളുടെ പേരിലുള്ള പ്രോസിക്യൂഷൻ പിൻവലിച്ചിട്ടുണ്ടു്.

അഴിഞ്ഞുനടക്കുന്ന കന്നുകാലികൾ

*൭൧. (വ്യ൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

അഴിഞ്ഞുനടക്കുന്ന കന്നുകാലികൾ ഗ്രാമപ്രദേശങ്ങളിലെ പലയിനം കൃഷികൾക്കും നട്ടതലുകൾക്കും നാശം വരുത്തുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി ശ്രീ. ഇ൯. ജാൺ ഫിലിപ്പോസ്:

ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

വിദ്യുച്ഛക്തി

*൭൨. (൯൩) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലായിൽനിന്നും ഇരവിപേരൂർ, കുമ്പനാടു്, വഴി കോഴഞ്ചേരിക്കു്, വിദ്യുച്ഛക്തി നീട്ടാൻ പൊതുജനാഭ്യർത്ഥനകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) കുമ്പനാട്ടിലേക്കു വിദ്യുച്ഛക്തി നീട്ടുവാൻവേണ്ടി ചാർജികൾ കിട്ടിയിട്ടുണ്ടു്.

(ബി) ഇതിനുവേണ്ടി ഒരു എസ്റ്റിമേറ്റു് തയാറാക്കുകയുണ്ടായി. പക്ഷേ ഗവൺമെൻറിലേക്കു പ്രതീക്ഷിക്കപ്പെട്ട വരുമാനം നിശ്ചിത തോതിൽ കുറവായാണു് കാണപ്പെട്ടതു്. കോഴഞ്ചേരിക്കു വിദ്യുച്ഛക്തി കൊടുക്കുന്നതിനുള്ള പണി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ചെങ്ങന്നൂരിൽനിന്നു മൈൻ നീട്ടുന്നുണ്ടു്.

വില്ലേജു് യൂണിയൻ മുഖാന്തിരം ഗൃഹനിർമ്മാണം

*൭൩. (൯൫) ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സാധുക്കൾക്കു വീടുപണിയുന്നതിനായി ഏതെങ്കിലും വില്ലേജു യൂണിയൻ മുഖാന്തിരം രൂപയോ തടിയോമറ്റു സാധനങ്ങളോ വിതരണം ചെയ്യിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജു് യൂണിയനുകളെന്നും, വിതരണം ചെയ്യുതു് എന്തൊക്കെയാണെന്നും എതു വീതമെന്നും ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly